**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **12-03-2025 - ൽ മറുപടിയ്ക്ക്**

**യു.ജി.സി. കരട് ചട്ട ഭേദഗതിക്കെതിരെ നടത്തിയ ദേശീയ കൺവെൻഷനിലെ നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. എം. സച്ചിൻദേവ്,<br>ശ്രീ എം എസ് അരുൺ കുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | യു.ജി.സി. കരട് ചട്ടഭേദഗതിക്കെതിരെ സർക്കാർ നേതൃത്വം കൊടുത്തു നടത്തിയ ദേശീയ കൺവെൻഷനിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (എ) | **ദേശീയ കൺവെൻഷനിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.**<br><br>• രാജ്യത്തിന്റെ ഫെഡറൽ മൂല്യങ്ങൾ ഹനിക്കുന്ന വിധത്തിലുള്ള കേന്ദ്രീകരണ പരിശ്രമമാണ് UGC ഡ്രാഫ്റ്റ് റെഗുലേഷനിലുള്ളത്.<br>• വൈസ് ചാൻസലർ തെരഞ്ഞെടുപ്പിന്റെ സെർച്ച് കമ്മിറ്റിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയെ ഒഴിവാക്കിയതുൾപ്പെടെ ഫണ്ട് ചിലവാക്കുകയും മേൽനോട്ട ഉത്തരവാദിത്തം വഹിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിനെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്.<br>• ഭരണപരമായ കാര്യങ്ങൾ നിർണയിക്കുന്നതിനുള്ള മുഖ്യപങ്ക് സംസ്ഥാനങ്ങൾക്ക് നൽകണം.<br>• അക്കാദമിക് ഇതരരെ വി.സി. ആക്കരുത്.<br>• വ്യവസായിക, വാണിജ്യ പശ്ചാത്തലമുള്ളവരെ വി.സി. ആക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കും.<br>• അദ്ധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും തെരഞ്ഞെടുപ്പിൽ, അതാത് മേഖലയിലുള്ള 'ശ്രദ്ധേയ സംഭാവനകൾ' സെലക്ഷൻ കമ്മിറ്റി പരിഗണിക്കുമെന്ന നിർദ്ദേശം ഗുണനിലവാരം കുറയ്ക്കുന്നതിലേയ്ക്കും സ്വജന പക്ഷപാതത്തിലേയ്ക്കും അഴിമതിയിലേയ്ക്കും നയിക്കും.<br>• നിയമനങ്ങൾക്ക് പി.എസ്.സി. പോലുള്ള സംസ്ഥാനങ്ങളിലെ ഭരണഘടനാ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളെ കണക്കിലെടുക്കുന്നില്ല. സേവന,വേതന വ്യവസ്ഥകൾ നിയന്ത്രിക്കുന്ന സംസ്ഥാനങ്ങളോടുള്ള അവഗണനയാണിത്. യു.ജി.സി. ചട്ടങ്ങളിൽ കൂടുതൽ ഇളവ് വേണം.<br>• സർവ്വകലാശാലകളുടെ അക്കാദമിക് സ്വയംഭരണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമം യു.ജി.സി. ഉപേക്ഷിക്കണം.<br>• കരാർ നിയമനം, ഗസ്റ്റ് ഫാക്കൽറ്റി നിയമനം, വിസിറ്റിംഗ് ഫാക്കൽറ്റി എന്നിവയിൽ വ്യക്തത വേണം. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകണം.<br>• നിയമ നിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യു.ജി.സി. മാനിക്കണം.<br>• ബിരുദ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നിർബന്ധമാക്കുന്നത് ഗ്രോസ് എൻറോൾമെന്റ് അനുപാതം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിന് തിരിച്ചടിയാകും.<br><br>തെലുങ്കാന, തമിഴ് നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, എം.എൽ.എ മാർ, സംസ്ഥാന സർവ്വകലാശാല/കോളേജ് അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്ത സമ്മേളനം ബഹു. മുഖ്യമന്ത്രിയാണ് ഉൽഘാടനം ചെയ്തത്. സംസ്ഥാനത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ച് സർക്കാർ എടുക്കുന്ന നിലപാടുകൾക്ക് ദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായമായതായി വിലയിരുത്തുന്നു. |
| (ബി) | പ്രസ്തുത കൺവെൻഷനിൽ ആരൊക്കെയാണ് പങ്കാളികളായതെന്ന് വ്യക്തമാക്കാമോ; | (ബി) | <u>ദേശീയ കൺവെൻഷനിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.</u><br><br>• രാജ്യത്തിന്റെ ഫെഡറൽ മൂല്യങ്ങൾ ഹനിക്കുന്ന വിധത്തിലുള്ള കേന്ദ്രീകരണ പരിശ്രമമാണ് UGC ഡ്രാഫ്റ്റ് റെഗുലേഷനിലുള്ളത്.<br>• വൈസ് ചാൻസലർ തെരഞ്ഞെടുപ്പിന്റെ സെർച്ച് കമ്മിറ്റിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയെ ഒഴിവാക്കിയതുൾപ്പെടെ ഫണ്ട് ചിലവാക്കുകയും മേൽനോട്ട ഉത്തരവാദിത്തം വഹിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിനെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്. |

- ഭരണപരമായ കാര്യങ്ങൾ നിർണയിക്കുന്നതിനുള്ള മുഖ്യപങ്ക് സംസ്ഥാനങ്ങൾക്ക് നൽകണം.
- അക്കാദമിക് ഇതരരെ വി.സി. ആക്കരുത്.
- വ്യവസായിക, വാണിജ്യ പശ്ചാത്തലമുള്ളവരെ വി.സി. ആക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കും.
- അദ്ധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും തെരഞ്ഞെടുപ്പിൽ, അതാത് മേഖലയിലുള്ള 'ശ്രദ്ധേയ സംഭാവനകൾ' സെലക്ഷൻ കമ്മിറ്റി പരിഗണിക്കുമെന്ന നിർദ്ദേശം ഗുണനിലവാരം കുറയുന്നതിലേയ്ക്കും സ്വജന പക്ഷപാതത്തിലേയ്ക്കും അഴിമതിയിലേയ്ക്കും നയിക്കും.
- നിയമനങ്ങൾക്ക് പി.എസ്.സി. പോലുള്ള സംസ്ഥാനങ്ങളിലെ ഭരണഘടനാ സ്ഥാപനങ്ങളെ കണക്കിലെടുക്കുന്നില്ല. സേവന,വേതന വ്യവസ്ഥകൾ നിയന്ത്രിക്കുന്ന സംസ്ഥാനങ്ങളോടുള്ള അവഗണനയാണിത്. യു.ജി.സി. ചട്ടങ്ങളിൽ കൂടുതൽ ഇളവ് വേണം.
- സർവ്വകലാശാലകളുടെ അക്കാദമിക് സ്വയംഭരണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമം യു.ജി.സി. ഉപേക്ഷിക്കണം.
- കരാർ നിയമനം, ഗസ്റ്റ് ഫാക്കൽറ്റി നിയമനം, വിസിറ്റിംഗ് ഫാക്കൽറ്റി എന്നിവയിൽ വ്യക്തത വേണം. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകണം.
- നിയമ നിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യു.ജി.സി. മാനിക്കണം.
- ബിരുദ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നിർബന്ധമാക്കുന്നത് ഗ്രോസ് എൻറോൾമെന്റ് അനുപാതം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിന് തിരിച്ചടിയാകും.

തെലുങ്കാന, തമിഴ് നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, എം.എൽ.എ മാർ, സംസ്ഥാന സർവ്വകലാശാല/കോളേജ് അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്ത സമ്മേളനം ബഹു. മുഖ്യമന്ത്രിയാണ് ഉൽഘാടനം ചെയ്തത്. സംസ്ഥാനത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ച് സർക്കാർ എടുക്കുന്ന നിലപാടുകൾക്ക് ദേശീയ

| | | | |
|---|---|---|---|
| | | | **തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായമായതായി വിലയിരുത്തുന്നു.** |
| (സി) | ഉന്നതവിദ്യാഭ്യാസത്തിലെ ജനാധിപത്യ മൂല്യങ്ങളെ ദുർബലപ്പെടുത്താനും, ഉന്നതവിദ്യാഭ്യാസം മതപരവും സാമുദായികവുമായ പ്രത്യയ ശാസ്ത്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നവരുടെ നിയന്ത്രണത്തിലാക്കാനുമുള്ള ശ്രമങ്ങളെ ചെറുക്കുന്നതിന് പ്രസ്തുത സമ്മേളനം എത്രത്തോളം സഹായകമാവും എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | **<u>ദേശീയ കൺവെൻഷനിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.</u>**<br>• **രാജ്യത്തിന്റെ ഫെഡറൽ മൂല്യങ്ങൾ ഹനിക്കുന്ന വിധത്തിലുള്ള കേന്ദ്രീകരണ പരിശ്രമമാണ് UGC ഡ്രാഫ്റ്റ് റെഗുലേഷനിലുള്ളത്.**<br>• **വൈസ് ചാൻസലർ തെരഞ്ഞെടുപ്പിന്റെ സെർച്ച് കമ്മിറ്റിയിൽ നിന്ന് സംസ്ഥാന ഗവൺമെന്റിന്റെ പ്രതിനിധിയെ ഒഴിവാക്കിയതുൾപ്പെടെ ഫണ്ട് ചിലവാക്കുകയും മേൽനോട്ട ഉത്തരവാദിത്തം വഹിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിനെ ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്.**<br>• **ഭരണപരമായ കാര്യങ്ങൾ നിർണയിക്കുന്നതിനുള്ള മുഖ്യപങ്ക് സംസ്ഥാനങ്ങൾക്ക് നൽകണം.**<br>• **അക്കാദമിക് ഇതരരെ വി.സി. ആക്കരുത്.**<br>• **വ്യവസായിക, വാണിജ്യ പശ്ചാത്തലമുള്ളവരെ വി.സി. ആക്കുന്നത് ഉന്നത വിദ്യാഭ്യാസ രംഗത്തെ കച്ചവടവൽക്കരിക്കും.**<br>• **അദ്ധ്യാപകരുടെയും മറ്റ് അക്കാദമിക് ജീവനക്കാരുടെയും തെരഞ്ഞെടുപ്പിൽ, അതാത് മേഖലയിലുള്ള 'ശ്രദ്ധേയ സംഭാവനകൾ' സെലക്ഷൻ കമ്മിറ്റി പരിഗണിക്കുമെന്ന നിർദ്ദേശം ഗുണനിലവാരം കുറയ്ക്കുന്നതിലേയ്ക്കും സ്വജന പക്ഷപാതത്തിലേയ്ക്കും അഴിമതിയിലേയ്ക്കും നയിക്കും.**<br>• **നിയമനങ്ങൾക്ക് പി.എസ്.സി. പോലുള്ള സംസ്ഥാനങ്ങളിലെ ഭരണഘടനാ സ്ഥാപനങ്ങളെ കണക്കിലെടുക്കുന്നില്ല. സേവന,വേതന വ്യവസ്ഥകൾ നിയന്ത്രിക്കുന്ന സംസ്ഥാനങ്ങളോടുള്ള അവഗണനയാണിത്. യു.ജി.സി. ചട്ടങ്ങളിൽ കൂടുതൽ ഇളവ് വേണം.**<br>• **സർവ്വകലാശാലകളുടെ അക്കാദമിക് സ്വയംഭരണം വെട്ടിക്കുറയ്ക്കാനുള്ള ശ്രമം യു.ജി.സി. ഉപേക്ഷിക്കണം.**<br>• **കരാർ നിയമനം, ഗസ്റ്റ് ഫാക്കൽറ്റി നിയമനം, വിസിറ്റിംഗ് ഫാക്കൽറ്റി എന്നിവയിൽ വ്യക്തത വേണം. ഇക്കാര്യത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകണം.** |

| | | | |
|---|---|---|---|
| | | | • **നിയമ നിർമ്മാണത്തിനുള്ള സംസ്ഥാനങ്ങളുടെ അവകാശത്തെ യു.ജി.സി. മാനിക്കണം.**<br>• **ബിരുദ കോഴ്സുകൾക്ക് പ്രവേശന പരീക്ഷ നിർബന്ധമാക്കുന്നത് ഗ്രോസ് എൻറോൾമെന്റ് അനുപാതം വർദ്ധിപ്പിക്കാനുള്ള ശ്രമത്തിന് തിരിച്ചടിയാകും.**<br><br>**തെലുങ്കാന, തമിഴ് നാട്, കർണാടക എന്നീ സംസ്ഥാനങ്ങളിലെ മന്ത്രിമാർ, ബഹു. മന്ത്രിമാർ, ബഹു. പ്രതിപക്ഷ നേതാവ്, എം.എൽ.എ മാർ, സംസ്ഥാന സർവ്വകലാശാല/കോളേജ് അദ്ധ്യാപകർ, അനദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിവിധ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രതിനിധികൾ എന്നിവർ പങ്കെടുത്ത സമ്മേളനം ബഹു. മുഖ്യമന്ത്രിയാണ് ഉൽഘാടനം ചെയ്തത്. സംസ്ഥാനത്തിന്റെ താൽപര്യം ഉയർത്തിപ്പിടിച്ച് സർക്കാർ എടുക്കുന്ന നിലപാടുകൾക്ക് ദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായമായതായി വിലയിരുത്തുന്നു.** |

സെക്ഷൻ ഓഫീസർ